LIBRARY ARCHIVES Kerala Legislative Assembly

**കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി**

133(3565) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴിക്കുവേണ്ടി എത്ര ഏക്കർ സ്ഥലമാണ് സർക്കാർ ഏറ്റെടുക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നോഡൽ ഏജൻസിയായ കിൻഫ്ര പാലക്കാട് നോഡ് വികസിപ്പിക്കുന്നതിന് 1720 ഏക്കർ ഭൂമിയും കൊച്ചിയിൽ ഒരു 'ഗിഫ്റ്റ് സിറ്റി' സ്ഥാപിക്കുന്നതിന് ആലുവ താലൂക്കിൽ അയ്യമ്പുഴയിൽ 500 ഏക്കർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര 312 ഏക്കർ, പുതുശ്ശേരി -I 600 ഏക്കർ, പുതുശ്ശേരി -II 558 ഏക്കർ, ഒഴലപ്പതിയിൽ 250 ഏക്കർ എന്നീ ഭൂമികളാണ് വ്യവസായ ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. അയ്യമ്പുഴയിലെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു കഴിഞ്ഞു. തുടർനടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലം ഏറ്റെടുക്കൽ ഡിസംബർ 2021-ഓടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പാലക്കാട് മേഖലയിൽ വ്യവസായ ഇടനാഴിയിലൂടെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ പാലക്കാട് നോഡിൽ 10,000 കോടി രൂപയുടെ നിക്ഷേപവും 22,000- ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 80,000-ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 'ഗിഫ്റ്റ് സിറ്റി' യാഥാർത്ഥ്യമാകുമ്പോൾ 3,000 കോടി രൂപയുടെ നിക്ഷേപവും 10,000 ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20,000-ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ

LIBRARY ARCHIVES Kerala Legislative Assembly

ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബെംഗളൂരു ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം National Industrial Corridor Development & Implementation Trust (NICDIT) യുടെ 50%- ഉം പങ്കാളിത്തമുള്ള ഒരു Special Pupose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആൻഡ് ഫിനാൻഷ്യൽ ടേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻടൽ ഒഴലപ്പതി, പുതുശ്ശേരി സെൻടൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർനടപടികൾ പുരോഗമിച്ചു വരുന്നു. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectre (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ള തുടർനടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.